# പ്രവാസിമലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി

## <u>സമിതിക്കു പരാതി സമർപ്പിക്കുവാനുള്ള വിലാസം, നടപടിക്രമം എന്നിവ സംബന്ധിച്ചുള്ള കുറിപ്പ്</u>

◆ താഴെപ്പറയുന്ന വിഷയങ്ങൾ സംബന്ധിച്ച പരാതികൾ സമിതി പരിഗണിക്കുന്നതാണ്:

(എ) ഇന്ത്യയിലും വിദേശത്തുമുള്ള പ്രവാസികേരളീയരുടെ ദേശീയവും അന്തർദ്ദേശീയവുമായ തൊഴിൽവിപണിയെ സംബന്ധിച്ചുള്ള പരാതികൾ;

(ബി) തൊഴിലുടമയും നിയുക്ത ഉദ്യോഗാർത്ഥികളും തമ്മിലുള്ള തർക്കം സംബന്ധിച്ചുള്ള പരാതികൾ;

(സി) വിസാസമ്പ്രദായങ്ങളെയും യാത്രാനിയന്ത്രണങ്ങളെയും കുറിച്ചുള്ള മാർഗ്ഗനിർദ്ദേശവുമായി ബന്ധപ്പെട്ട ജോലി സംബന്ധിച്ചുള്ള പരാതികൾ;

(ഡി) ദേശീയവും അന്തർദ്ദേശീയവുമായ വിമാനയാത്രാ ടിക്കറ്റുകൾ ഉപഭോക്താക്കളുടെ തൃപ്തിക്കനുസൃതമായ രീതിയിൽ ബുക്ക് ചെയ്യുന്നതു സംബന്ധിച്ച ജോലിയുമായി ബന്ധപ്പെട്ട പരാതികൾ;

(ഇ) വിദേശരാജ്യങ്ങളിലേയ്ക്ക് തൊഴിലിനായോ, അവധിയെത്തുടർന്ന സ്വദേശത്തുനിന്നും തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനായോ പോകുന്ന, കേരളത്തിൽനിന്നുള്ള ഏതെങ്കിലും വ്യക്തികൾക്കോ, വ്യോമയാനങ്ങളിലെ തൊഴിലാളികൾക്കോ ജീവനക്കാർക്കോ എതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ;

(എഫ്) മൃതദേഹങ്ങൾ നാട്ടിലുള്ള ബന്ധുക്കൾക്കോ നിയമപരമായ അവകാശികൾക്കോ കൈമാറുന്നതിനുള്ള പ്രക്രിയ ലഘൂകരിക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച പരാതികൾ;

(ജി) മരണമടഞ്ഞ/മുറിവേല്ക്കപ്പെട്ട ആളുകളുടെ നിയമപരമായ അവകാശികൾക്കു ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച പരാതികൾ;

(എച്ച്) മടങ്ങിവരുന്നവരുടെ പുനരധിവാസവും തൊഴിലവസരങ്ങളും സംബന്ധിച്ച പരാതികൾ;

(ഐ) പ്രവാസികേരളീയക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച പരാതികൾ;

(ജെ) വിദേശജോലിക്കായി റിക്രൂട്ട് ചെയ്യുന്ന സ്വകാര്യ ഏജൻസികളുടെയും, പ്രവാസിമലയാളികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന മറ്റ് ഏജൻസികളുടെയും നിയമവിരുദ്ധപ്രവർത്തനങ്ങൾ സംബന്ധിച്ച പരാതികൾ;

(കെ) സമിതിക്കു ബോദ്ധ്യപ്പെടുന്നതോ, ബഹു: സ്പീക്കർ സമിതിയുടെ പരിഗണനയ്ക്കായി ചുമതലപ്പെടുത്തുന്നതോ ആയ മറ്റു വിഷയങ്ങൾ.

◆ മേൽവിഷയങ്ങളുമായി ബന്ധപ്പെട്ട പരാതികൾ താഴെപ്പറയുന്ന മേൽവിലാസങ്ങളിൽ സമിതിക്കു സമർപ്പിക്കാവുന്നതാണ്:

1) ചെയർമാൻ,
പ്രവാസിമലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി,
കേരളനിയമസഭ.

2) സ്പീക്കർ,
കേരളനിയമസഭ.

3) സെക്രട്ടറി,
കേരളനിയമസഭ..

◆ ഹർജി, വായിക്കുവാൻ സാധിക്കുന്ന രീതിയിൽ എഴുതിയിട്ടുള്ളതും, അയയ്ക്കുന്നയാളിന്റെ പേരോ മേൽവിലാസമോ രേഖപ്പെടുത്തിയിട്ടുള്ളതും, കയ്യൊപ്പോ വിരലടയാളമോ മുഖേന ആധികാരികത രേഖപ്പെടുത്തിയിട്ടുള്ളതുമായിരിക്കണം.

- പ്രവാസിമലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിക്കു പരാതി നൽകുന്നതിനുമുമ്പ് ബന്ധപ്പെട്ട വകുപ്പിനു പരാതി നൽകണമെന്ന് സമിതിയുടെ ആഭ്യന്തരപ്രവർത്തനച്ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ല.